**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1404** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>ശിശു മരണ നിരക്ക്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സുധാകരൻ

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ - വനിതാ ശിശു
വികസന വകുപ്പ് മന്ത്രി)

**(എ)** കേരളത്തിലെ ശിശു മരണനിരക്കിന്റെ നിലവിലെ വിശദാംശങ്ങൾ നൽകാമോ;

**<u>മറുപടി:</u>** സുസ്ഥിര വികസന സൂചിക 2023 പ്രകാരം നവജാതശിശുമരണ നിരക്ക് 2030 ൽ ലക്ഷ്യം വെച്ചിരുന്നത് 1000 കുഞ്ഞുങ്ങൾക്ക് 12 മരണങ്ങൾ എന്നായിരുന്നു. എന്നാൽ കേരളത്തിൽ ഇത് 1000 കുഞ്ഞുങ്ങളിൽ 5 മരണം എന്ന രീതിയിൽ കുറവു വരുത്തുവാൻ സാധിച്ചു.

ദേശീയ കുടുംബ ആരോഗ്യ സർവ്വെ-6 ലെ കണക്കുകൾ അനുസരിച്ച് ശിശുമരണ നിരക്കിന്റെ ദേശീയ ശരാശരി 25 ഉം കേരളത്തിന്റേത് 8 ഉം ആകുന്നു. സംസ്ഥാനം നടത്തുന്ന റിവ്യൂ അനുസരിച്ച് നിലവിലെ ശിശു മരണങ്ങൾ 321223 ജനനങ്ങളിൽ 1593 ഉം മരണ നിരക്ക് 5 ഉം ആണ്.

കേരളത്തിലെ 2026 ജനവരി മുതൽ 2026 മെയ് വരെയുള്ള ശിശു മരണ നിരക്ക് (as per MPR Data) അനുബന്ധം 1 ആയി ചേർക്കുന്നു.

**(ബി)** കുഞ്ഞുങ്ങളുടെ സംരക്ഷണത്തിനായി ഓരോ കുടുംബത്തിനും നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണ്?

**<u>മറുപടി:</u>** കുട്ടികളുടെ അവകാശങ്ങളും സംരക്ഷണവും ഉത്തമ താല്പര്യവും ലക്ഷ്യമാക്കി വിവിധ സംരംഭങ്ങളെ ഒരു കുടക്കീഴിൽ ഏകോപിപ്പിച്ചു കൊണ്ട് കേന്ദ്ര വനിതാ ശിശു വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന മിഷൻ വാത്സല്യ പദ്ധതി ബാലനീതി നിയമം സെഷൻ 106 പ്രകാരം സംസ്ഥാനത്ത് വനിത ശിശു വികസന വകുപ്പിനു കീഴിൽ സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മുഖാന്തരം നടപ്പിലാക്കി വരുന്നു. ശ്രദ്ധയും പരിചരണവും ആവശ്യമുള്ളതും നിയമത്തിനു വിധേയമാകാത്തതുമായ 18 വയസ്സിനു താഴെ പ്രായമുള്ള മുഴുവൻ കുട്ടികളുടെയും ഉന്നമനത്തിനു വേണ്ടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്.

വനിത ശിശു വികസന വകുപ്പ് സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മുഖാന്തിരം നടപ്പിലാക്കി വരുന്ന പദ്ധതികളും ആരോഗ്യ വകുപ്പ് കുഞ്ഞുങ്ങളുടെ സംരക്ഷണത്തിനായി നടപ്പിലാക്കുന്ന പദ്ധതികളും അനുബന്ധം 2 ആയി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം 1**

| Year & Month | Live birth | No. of Still birth | No of Infant deaths (0-1 years) | | No.of Child Deaths | |
|---|---|---|---|---|---|---|
| | | | Male | Female | Male | Female |
| January 2026 | 18732 | 82 | 32 | 39 | 13 | 9 |
| February 2026 | 17970 | 62 | 40 | 26 | 6 | 10 |
| March 2026 | 19035 | 48 | 35 | 39 | 12 | 5 |
| April 2026 | 19501 | 67 | 42 | 29 | 11 | 5 |
| May 2026 | 16672 | 53 | 47 | 29 | 19 | 7 |

## അനുബന്ധം 2

വനിത ശിശു വികസന വകുപ്പ് – സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മുഖാന്തിരം നടപ്പിലാക്കി വരുന്ന പദ്ധതികൾ :-

**ഫോസ്റ്റർ കെയർ :**

മാതാപിതാക്കൾക്കുള്ള അവകാശങ്ങളും ചുമതലകളും നഷ്ടപ്പെടാതെ തന്നെ കുട്ടികളെ മറ്റൊരു കുടുംബത്തിൽ താത്കാലികമായി വളർത്തുന്നതാണ് പോറ്റി വളർത്തൽ (ഫോസ്റ്റർ കെയർ). കുടുംബത്തിൽ മതിയായ സംരക്ഷണം ലഭിക്കാത്തതും ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ കഴിയുന്നതുമായ കുട്ടികളെ ഗുണകരമായ കുടുംബാന്തരീക്ഷത്തിൽ പുനരധിവസിപ്പിക്കുക എന്നതാണ് ഫോസ്റ്റർ കെയർ പദ്ധതിയുടെ ലക്ഷ്യം.

**വിജ്ഞാന ദീപ്തി (State Sponsorship):**

കുടുബാന്തരീക്ഷത്തിൽ തന്നെ കുട്ടികളെ വളർത്തുന്നതിന് കുടുംബങ്ങൾക്ക്പിന്തുണ നല്കുന്നതിനായി, സാമ്പത്തിക പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക്പ്രതിമാസം 2000/-രൂപ വരെ നൽകുന്ന സ്പോൺസർഷിപ്പ് പദ്ധതി നടപ്പിലാക്കി വരുന്നു.

**ബാലനിധി:**

ഗുരുതരമായ രോഗങ്ങൾമൂലം കഷ്ടപ്പെടുന്ന കുട്ടികളുടെ ചികിത്സയ്ക്കായി "ബാലനിധി " യിൽ നിന്നും രണ്ടു ലക്ഷം രൂപ വരെ ധനസഹായം നല്കി വരുന്നു.

**പാരന്റിംഗ് ക്ലിനിക്ക്:**

സംസ്ഥാനത്ത് കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ച് വരുന്ന സാഹചര്യം ഫലപ്രദമായി ചെറുക്കുക, കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചും സംരക്ഷണത്തെക്കുറിച്ചും രക്ഷിതാക്കൾക്കിടയിലും പൊതുസമൂഹത്തിനിടയിലും അവബോധം സൃഷ്ടിയ്ക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ ഉത്തരവാദിത്വപൂർണ്ണമായ രക്ഷാകർത്തൃത്വം കുട്ടികൾക്ക് ഉറപ്പാക്കുന്നതിനായി 2021 ഫെബ്രുവരി മാസം മുതൽ 158 ബ്ലോക്കുകളിലും പാരന്റിംഗ് ക്ലിനിക്കുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**കോവിഡ് 19 ധന സഹായ പദ്ധതി:**

കോവിഡ് 19 ബാധിച്ച മാതാപിതാക്കൾനഷ്ടപ്പെട്ട കുട്ടികൾക്ക് ഒറ്റ തവണ സഹായമായി 3 ലക്ഷം രൂപയും, കുട്ടിക്ക് 18 വയസ്സാകുന്നതുവരെ പ്രതിമാസം 2000/- രൂപയും ധനസഹായമായി നല്കുന്നുണ്ട്. ബിരുദതലം വരെ വിദ്യാഭ്യാസ ചെലവുകൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായവും നല്കി വരുന്നു.

**വയനാട് പ്രകൃതി ദുരന്ത ധന സഹായ പദ്ധതി:**

വയനാട് പ്രകൃതി ദുരന്തത്തിൽ മാതാപിതാക്കൾ ഇരുവരും നഷ്ടപ്പെട്ട കുട്ടികൾക്ക് 10 ലക്ഷം രൂപ വീതവും, മാതാപിതാക്കളിൽ ഒരാൾ നഷ്ടപെട്ട കുട്ടികൾക്ക് 5 ലക്ഷം രൂപ വീതവും ഒറ്റ തവണ ധനസഹായം പ്രഖ്യാപിക്കുകയും ആയത് പ്രകാരം ആകെ 19 കുട്ടികൾക്ക് 1,30,00,000 രൂപ ധനസഹായം അനുവദിച്ച് നല്കിയിട്ടുണ്ട്.

**ബാലസുരക്ഷിത കേരളം:**

സംസ്ഥാനത്തെ ബാലസുരക്ഷിതമാക്കുക എന്ന ലക്ഷ്യത്തോടെ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ സംസ്ഥാനം ബാല സുരക്ഷിതമാക്കൽ എന്ന കർമ്മ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ stake holders ന്റെ സഹകരണത്തോടെ action plan തയ്യാറാക്കി നടപ്പിലാക്കി വരുന്നു.

**Child Welfare and Protection Committee:**

കുട്ടികളുടെ ക്ഷേമം ഉറപ്പാക്കാനുള്ള പ്രാഥമിക ഉത്തരവാദിത്തം മാതാപിതാക്കളിൽ നിക്ഷിപ്തമാണെങ്കിലും അത് നടപ്പാക്കുന്നതിൽ സർക്കാരിന്റെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും സമൂഹത്തിന്റെയും പങ്ക് നിർണ്ണായകമാണ്. ഈ സാഹചര്യത്തിലാണ് മിഷൻ വാത്സല്യയുടെ രൂപരേഖയിൽ കുട്ടികളുടെ അവകാശങ്ങൾ താഴേതലം മുതൽ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനങ്ങൾ അതിനാവശ്യമായ സാമൂഹ്യാധിഷ്ഠിത സുരക്ഷാസമിതികൾ രൂപീകരിക്കുകയും നടപ്പാക്കുകയും ചെയ്യണമെന്ന് നിർദേശിച്ചിട്ടുള്ളത്. വിവിധ തലങ്ങളിൽ നിലവിലുള്ള ഭരണസംവിധാനങ്ങളിലൂടെ ബാലസംരക്ഷണം ഉറപ്പാക്കുന്നതിനു ശക്തമായ ഇടപെടലുകൾ ആണ് ജുവനൈൽ ജസ്റ്റിസ് ആക്ട് 2015 പ്രകാരം രൂപീകരിച്ച മിഷൻ വാത്സല്യ വിഭാവനം ചെയ്യുന്നത് . തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമം സംബന്ധിച്ച വിഷയം നിലവിൽ കൈകാര്യം ചെയ്യുന്നത് ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റികളാണ് . സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ജനപ്രതിനിധികൾ മാത്രമാണ് അംഗങ്ങൾ എന്നതിനാൽ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് മാത്രമായി Child Welfare and Protection Committee യുടെ ചുമതലകൾ നിർവ്വഹിക്കാൻ പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. ഈ സാഹചര്യത്തിൽ നിർദ്ദിഷ്ട Child Welfare and Protection Committee യുടെ ചുമതലകൾ തദ്ദേശഭരണ സ്ഥാപനങ്ങളിലെ സ്റ്റാൻറിംഗ് കമ്മിറ്റികൾക്ക് പകരം അനുയോജ്യരായ അംഗങ്ങളെ ഉൾപ്പെടുത്തിയും മിഷൻ വാത്സല്യയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ പറയുന്ന ചുമതലകൾ കൂടി ഏൽപ്പിച്ചുകൊണ്ടും നിലവിലുള്ള Child Protection Committee കളുടെ സ്ഥാനത്ത് പുതിയ Child Welfare and Protection Committee കൾ രൂപീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ബാലസുരക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന്, പുതിയ അംഗങ്ങളെ ഉൾപ്പെടുത്തി നിലവിലെ ഘടനയിൽ മാറ്റങ്ങൾ വരുത്തിയും ഉത്തരവാദിത്വങ്ങൾ വ്യക്തമാക്കിയും തദ്ദേശഭരണ സ്ഥാപന അധ്യക്ഷന്റെ നേതൃത്വത്തിൽ ബാലസുരക്ഷാസമിതികൾ എല്ലാ തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളിലും രൂപീകരിച്ചിട്ടുണ്ട്. ടി അംഗങ്ങൾക്ക് പരിശീലനം നൽകുന്നതിലൂടെ കമ്മിറ്റികളുടെ പ്രവർത്തനം കൂടുതൽ ശാക്തീകരിക്കുവാൻ സാധിക്കുന്നതാണ്.

**ആരോഗ്യ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

ജനനം മുതൽ പതിനെട്ടുവയസ്സുവരെയുള്ള കുട്ടികൾക്ക് ആർ. ബി.എസ്. കെ., ഹൃദ്യം, ശലഭം, ഡിസ്ട്രിക് ഏർളി ഇൻ്റർവെൻഷൻ സെൻ്റർ (DEIC), ആശാധാര പദ്ധതി, FBNC-SNCU, NBSU, MEDICAL NICU, Special Newborn Care Unit (SNCU NICU), വിവ കേരള, KARE, പ്രതീക്ഷ, പീഡിയാട്രിക് പാലിയേറ്റീവ് കെയർ, കിക്കോ (Kerala Initiative for Kids overall Wellness) എന്നീ പദ്ധതികൾ വഴി വിവിധ സൗജന്യ ചികിത്സ സഹായപദ്ധതികൾ നടപ്പിലാക്കിവരുന്നു.